"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/35/2025-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-02-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:- 1. സർക്കുലർ നമ്പർ. WM3/66/2024-LSGDതിയതി, 16.03.2024
2. സ.ഉ (സാധാ) നം.1635/2024/LSGD തിയതി, 06.09.2024

മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യം നേടുന്നതിനോടൊപ്പം തന്നെ സീറോ വേസ്റ്റ് ദിനമായ മാർ ച്ച് 30 ഓടു കൂടി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിനാണ് ഈ വർഷം ലക്ഷ്യമിടുന്നത്. മാർച്ച് 30-ന് ലക്ഷ്യം കൈവരിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ, 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ, ഖര-ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ തലങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി ഫെസിലിറ്റീസ് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. വീട്, സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ എന്നിവ ശുചീകരിക്കുന്ന നടപടികൾ എല്ലാ വർഷത്തേയും പോലെ തന്നെ ഈ വർഷവും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുടേയും, മിഷനുകളുടേയും ഏകോപനത്തോടെ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്. ഇത്തരം നടപടികളോടൊപ്പം തന്നെ മാർച്ച് 1 ന് ആരംഭിച്ച് മാർച്ച് 30 ന് അവസാനിക്കുന്ന രീതിയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും വാർഡ്തല ശുചിത്വസമിതിയുടെ നേതൃത്വത്തിലായിരിക്കണം ചെയ്യേണ്ടത്.

**പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു**

1. 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്ന നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുള്ളതാണെങ്കിലും വീടുകളിലും, സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലും നിലവിൽ മാലിന്യങ്ങൾ ഉണ്ടെങ്കിൽ ആയത് കൃത്യമായി നീക്കം ചെയ്യേണ്ടതും, വൃത്തിയാക്കിയ സ്ഥലങ്ങൾ വൃത്തിയോടെയും വെടിപ്പോടെയും സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ

സ്വീകരിക്കേണ്ടതാണ്.

2. കൊതുക്, ഈച്ച തുടങ്ങിയ രോഗവ്യാപന സ്വഭാവമുള്ള പ്രാണികളുടെ പ്രജനന സൗകര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓടകൾ, നീർച്ചാലുകൾ, പൊതുജലാശയങ്ങൾ തുടങ്ങി എല്ലാ ജല നിർഗ്ഗമന പാതകളും വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. വാർഡു ശുചിത്വ സമിതികൾ ഫെബ്രുവരി രണ്ടാംവാരത്തോടെ രൂപീകരിക്കുകയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഊർജ്ജിത പ്രവർത്തനങ്ങൾ മാർച്ച് 1 മുതൽ ആരംഭിക്കേണ്ടതുമാണ്.

4. വാർഡു ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന സ്ഥലങ്ങൾ കണ്ടെത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കി എൻ.സി.സി, എൻ.എസ്.എസ്, നെഹ്റു യുവ കേന്ദ്ര, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, റെസിഡൻസ് അസോസിയേഷൻ തുടങ്ങി സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടെ മുഴുവൻ ശുചീകരണ പ്രവർത്തനങ്ങളും ചെയ്യേണ്ടതാണ്.

5. ഓരോ വാർഡ് ശുചിത്വസമിതിയ്ക്കും എല്ലാ വിഭവ സ്രോതസുകളിൽ നിന്നുമുൾപ്പെടെ (തനത്ഫണ്ട്/പ്ലാൻഫണ്ട്/എൻ.എച്ച്.എം വിഹിതം) പരമാവധി 25,000/- രൂപ വരെ ഇത്തരം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

6. നീർച്ചാലുകൾ/തോടുകൾ/കുളങ്ങൾ എന്നിവ ശുചീകരിക്കുകയും കൂടാതെ മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കുക, ഓടകൾ വൃത്തിയാക്കുക, കിണറുകൾ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്യുക എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

7. വീടുകൾ, സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കേണ്ടതാണ്. മാർച്ച് മാസത്തിലെ 5 ഞായറാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കാവുന്നതാണ്.

8. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വരുന്ന ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത ടൂറിസം, ഹരിത സ്ഥാപനം, ഹരിത വിദ്യാലയം, ഹരിത കലാലയം, ഹരിത ടൗൺ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പരമാവധി പൂർത്തീകരിച്ച് രോഗവ്യാപന സാധ്യത തടയുന്നതിനുള്ള മാതൃകയാകണം.

9. ആരോഗ്യവകുപ്പ് കഴിഞ്ഞ വർഷങ്ങളിൽ ഹോട്ട്സ്പോട്ട് ആയി കണ്ടെത്തിയ വാർഡുകൾ/സ്ഥലങ്ങൾ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതും ആവശ്യമുള്ളപക്ഷം നിശ്ചയിച്ചിട്ടുള്ള തുകയ്ക്ക് ഉപരിയായി കമ്മറ്റി തീരുമാനത്തിന് അനുസൃതമായി അധികം തുക ചെലവഴിക്കാവുന്നതുമാണ്.

10. ശുചീകരണ പ്രവർത്തനങ്ങൾ വഴി ലഭ്യമാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. ഈ പ്രവർത്തനങ്ങൾക്കായി ജില്ലാതലങ്ങളിൽ എല്ലാ വകുപ്പുകളുടേയും മിഷനുകളുടേയും യോഗം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരേണ്ടതും ആയതിനെ തുടർന്ന് തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഫെബ്രുവരി 20 നകം യോഗം ചേർന്ന് തുടർനടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

12. ജില്ലാടിസ്ഥാനത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും മാർച്ച് മാസത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം തീവ്രമാക്കേണ്ടതും, കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് പിഴയീടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. അതിലേയ്ക്കായി ആരോഗ്യ/ഇറിഗേഷൻ/പോലീസ് തുടങ്ങിയ എല്ലാ വകുപ്പുകളുടെ സേവനവും ഉപയോഗിക്കാവുന്നതാണ്.

13. പൊതുയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പരാതിപ്പെടാനുള്ള സിംഗിൾ വാട്ട്സ് ആപ് നമ്പർ (9446700800) പൊതുജനങ്ങൾക്കിടയിൽ പരമാവധി പ്രചരണം നടത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയും വേണം

14. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലേയ്ക്കായി പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന പ്രൊഫോർമ കൃത്യമായ രീതിയിൽ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും ആയത് കൃത്യമായി ജോയിന്റ് ഡയറക്ടർമാർ മോണിറ്റർ ചെയ്യേണ്ടതുമാണ്.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 13-02-2025 11:26:43
സെക്ഷൻ ഓഫീസർ.

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ ആരോഗ്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്